# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 24, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

206 (*616,*621,*627) മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) നൽകിയ മറുപടിയിൽ, മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി 2001-2002-ൽ 2605.99 ലക്ഷം രൂപയും 2002-2003-ൽ 2140 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളി മേഖലയിൽ ആശ്വാസ നടപടികൾക്കായി പ്രത്യേക പാക്കേജ് പദ്ധതിയിൽപ്പെടുത്തി 15 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നതിനു പുറമേ വനിതാ മത്സ്യത്തൊഴിലാളികളെക്കൂടി നിലവിലുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിവിധ ക്ഷേമ പദ്ധതികൾക്കായി 2001-2002-ൽ 2393.19 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള 50 ശതമാനം ധനസഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി നിലവിലുണ്ട്. സംസ്ഥാനത്തെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സ്വന്തമായി വീട് നിർമ്മിച്ചുകൊടുക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അർഹതപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 5 വർഷംകൊണ്ട് 40,000 ഭവനങ്ങൾ നിർമ്മിക്കുന്നതിന് 200 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതിക്ക് രൂപം നൽകി വരുന്നു. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെയുള്ള ഭവന നിർമ്മാണപദ്ധതിക്കായി ഈ വർഷം 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അധിക സാമ്പത്തിക സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന 15 കോടി രൂപയുടെ പദ്ധതിയിൽപ്പെടുത്തി 4500 വീടുകൾ പുതുക്കി പണിയുന്നതിന് വീടൊന്നിന് 20,000 രൂപ ധനസഹായം നൽകുന്നതിനും ആലോചിക്കുന്നുണ്ട്. കേന്ദ്ര പദ്ധതികൾക്കായി അനുവദിക്കുന്ന തുകയുടെ 20 ശതമാനം ചെലവഴിച്ചുകഴിഞ്ഞാൽ കേന്ദ്ര ഗവൺമെന്റിലേക്ക് കണക്കുകൾ തയ്യാറാക്കി കൊടുക്കേണ്ടതുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്ത് കണക്കുകൾ കൃത്യമായി കൊടുത്തു കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കേണ്ട സഹായം മുഴുവൻ വാങ്ങിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികളുടെ

പ്രയോജനം ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുകൂടി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.. അർഹതയുള്ള മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും പട്ടയം ലഭ്യ

മാക്കുന്നതിനും ചില പ്രത്യേക നിയമങ്ങൾ കാരണം പട്ടയം ലഭിക്കാൻ സാദ്ധ്യതയില്ലാത്തവർക്ക് പൊസഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുൻ കാലങ്ങളിൽ എടുത്ത (50 ശതമാനം ഗ്രാന്റും 50 ശതമാനം ലോണുമായി) ഭവന നിർമ്മാണ വായ്പയുടെ കുടിശ്ശിക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. അവരെക്കൂടി പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ജില്ലാ കളക്ടർ ചെയർമാനായും മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ എം. എൽ. എ.മാർ അംഗങ്ങളുമായുള്ള കമ്മിറ്റി ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ അപാകതയുണ്ടോയെന്ന് പരിശോധിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. മൽസ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ അനർഹരായവർ നേടിയെടുക്കുന്നത് തടയാൻ ഫോട്ടോ ഐഡന്റിറ്റി പാസ് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യബന്ധനം നടക്കാത്ത സമയങ്ങളിൽ പ്രതിമാസം 300 രൂപ വീതം ധനസഹായം നൽകുന്നതിനും മറ്റ് തൊഴിലധിഷ്ഠിത സംരംഭങ്ങൾ ആരംഭിക്കുന്നതിന് 15,000 രൂപ മുതൽ 2 ലക്ഷം രൂപവരെ ധനസഹായം നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് മത്സ്യഫെഡ് നൽകിവരുന്ന ധനസഹായം ദുരുപയോഗപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇൻബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങളും വലയുമെല്ലാം വാങ്ങിക്കൊടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് കയറ്റുമതിക്കാരിൽ നിന്ന് ഈടാക്കിവന്ന ഒരു ശതമാനം സെസ്സ് വിഹിതം പിരിക്കുന്നത് സുപ്രീംകോടതി തടഞ്ഞതിനെത്തുടർന്ന് ഇതിനായി സംസ്ഥാനത്ത് ഒരു നിയമനിർമ്മാണം നടത്താനും കേന്ദ്രനിയമനിർമ്മാണത്തിനായി സമ്മർദ്ദം ചെലുത്താനും ആലോചിക്കുന്നുണ്ട്. ഈ അദ്ധ്യയന വർഷം മുതൽ ടെക്നിക്കൽ ഫിഷറീസ് സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം പാഠ്യപദ്ധതിയുടെ ഭാഗമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കരുനാഗപ്പള്ളി ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളിൽ വൊക്കേഷണൽ ഹയർ സെക്കൻഡറിതലത്തിൽ ഫിഷ് പ്രോസസ്സിംഗ് കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ ഒരോ സ്റ്റാന്റേർഡിലും 40 കുട്ടികളെ വരെ പ്രവേശിപ്പിക്കുന്നതിനുള്ള സൗകര്യമുണ്ട്. ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിലെ സ്കൂളുകളിൽ ഏതാനും വർഷമായി കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് റസിഡൻഷ്യൽ സ്ക്കൂളുകളിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുകയും മെച്ചപ്പെട്ട സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികൾക്ക് പ്രോൽസാഹനമായി സംസ്ഥാനാടിസ്ഥാനത്തിൽ 5000, 3000, 2000 രൂപ എന്നീ ക്രമത്തിൽ ധനസഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി മേഖലയിൽ മുൻകാലത്ത് നടത്തിവന്ന സമ്പൂർണ്ണ സാക്ഷരതാ ക്ലാസുകൾ തുടർന്ന് നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി മേഖലകളിൽ ശക്തമായ ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് ഇൻഷ്വറൻസ് കമ്പനികളുമായി തർക്കമില്ലാത്ത കേസുകളിൽ മുഴുവൻ കൊടുത്തുതീർത്തിട്ടുണ്ട്. തർക്കമുള്ള

കേസുകൾ വേഗത്തിൽ പരിശോധിച്ച് തീർക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

207 (*617) <u>എയർടാക്സി പദ്ധതി</u>

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കോവളം, മൂന്നാർ, കുമരകം, തേക്കടി, എറണാകുളം എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് സ്വകാര്യ മേഖലയിലുള്ള എയർടാക്സി ഓപ്പറേറ്റർമാരുമായി സഹകരിച്ച് എയർടാക്സി നടത്തുവാനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കോഴിക്കോട് മംഗലാപുരം ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി എയർടാക്സി പദ്ധതി നടപ്പിലാക്കുന്നകാര്യം പരിഗണിക്കുന്നതാണ്. എയർടാക്സി പദ്ധതി ഏറ്റെടുക്കുന്നതിന് സ്വകാര്യ ഏജൻസികൾ മുന്നോട്ടുവന്നാൽ ഭൂമി ഉൾപ്പെടെ നൽകുന്നതിന് ഗവൺമെന്റ് തയ്യാറാകുന്നതാണ്. ഈ പദ്ധതിയിൽ സഹകരണ മേഖല കടന്നുവന്നാൽ അവരുമായി യോജിച്ചുപോകുന്നതിനും ഗവൺമെന്റ് തയ്യാറാണ്. സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതി പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

208 (*618) <u>കടലാക്രമണം തടയുന്നതിനുള്ള ശാശ്വതപരിഹാരം</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്)നൽകിയ മറുപടിയിൽ, പൂനയിലുള്ള സെൻട്രൽ വാട്ടർ പവ്വർ റിസർച്ച് സ്റ്റേഷൻ (സി.ഡബ്ല്യൂ.പി.ആർ.എസ്) എന്ന കേന്ദ്ര സർക്കാർ സ്ഥാപനം അംഗീകരിച്ചിട്ടുള്ള കടൽഭിത്തി നിർമ്മാണരീതിയും അവർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മാറ്റങ്ങളും ഉൾക്കൊണ്ടാണ് കേരളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതെന്ന് സഭയെ അറിയിച്ചു. മികവ് അവകാശപ്പെടുന്ന വിദേശ സാങ്കേതിക രീതികളായ സ്റ്റാബി പ്ലാഷ് (Stabi Plage, France) ആലപ്പാട് തീരത്തും എ. എസ്. ആർ. റീഫ്സ് (A.S.R. Reefs, New Zealand) വലിയതുറയിലും ഹൈസൻ സെൽസ്, ആഫ്രിക്ക (Hyson Cells, Africa) ആലപ്പുഴ ജില്ലയിലെ കടൽത്തീരത്തും നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനായി കൂടുതൽ പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. 1964-ൽ നിർത്തൽ ചെയ്ത പുലിമുട്ടുകളുടെ നിർമ്മാണം ചെല്ലാനം കടപ്പുറത്ത് വീണ്ടും പരീക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സാധാരണഗതിയിലുള്ള കടൽഭിത്തി നിർമ്മാണത്തിന് ഒരു കിലോമീറ്ററിന് ഒന്നരക്കോടി രൂപയും മൂന്നു വർഷത്തേയ്ക്കുള്ള മെയിന്റനൻസിന് മൂന്നുകോടി രൂപയും ഉൾപ്പെടെ നാലരക്കോടി രൂപ ചെലവാകുമ്പോൾ ശാസ്ത്രീയമാർഗ്ഗങ്ങൾ അവലംബിച്ചു ചെയ്യുന്ന കടൽഭിത്തി നിർമ്മാണത്തിന് നാലു കോടി രൂപയെ ചലവു വരുകയുള്ളൂവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

209 (*619) <u>വൈദ്യുതി ഉൽപ്പാദന വർദ്ധനവിനുള്ള നടപടികൾ</u>

വിദ്യുച്ഛക്തി വകുപ്പു മന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽസപ്ളൈസും വകുപ്പു മന്ത്രി (ശ്രീ.ജി. കാർത്തികേയൻ) നൽകിയ മറുപടിയിൽ, കഴിഞ്ഞ 5 വർഷത്തെ കണക്കനുസരിച്ച് വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം പ്രതിവർഷം ശരാശരി 3.6 ലക്ഷം വീതം വർദ്ധിക്കുന്നതായും അടുത്ത പത്തു വർഷംകൊണ്ട് 3000-ത്തോളം മെഗാവാട്ട് കൂടുതൽ വൈദ്യുതി ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടെന്നും സംസ്ഥാനത്തിലെ ജലവൈദ്യുതിയുടെയും താപവൈദ്യുതിയുടെയും ഉൽപാദനം വർദ്ധിപ്പിച്ചും പരമ്പരാഗത ഊർജ്ജസ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിച്ചും ന്യായമായ നിരക്കിൽ കേന്ദ്ര പൂളിൽനിന്നും കൂടുതൽ വൈദ്യുതി ലഭ്യമാക്കിയും ഈ ആവശ്യം നിറവേറ്റാനാണ് ഉദ്ദേശിക്കുന്നതെന്നും സഭയെ അറിയിച്ചു. കേന്ദ്രഗവൺമെന്റിൽനിന്നും പുതിയതായി താപവൈദ്യുത പദ്ധതികൾക്ക് അനുവാദം ലഭിച്ചിട്ടില്ലെങ്കിലും കുരിയാർകുറ്റി, കാരപ്പാറ, മാനന്തവാടി ജലവൈദ്യുതപദ്ധതികൾക്ക് അനുവാദം നൽകുന്ന കാര്യം കേന്ദ്രഗവൺമെന്റ് പരിഗണിച്ചുവരികയാണ്. വൈദ്യുത ഉല്പാദനകേന്ദ്രങ്ങളുടെ ശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും ലഭ്യമാകുന്ന വൈദ്യുതി ശേഖരിച്ച് നിർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

210 (*622) <u>ആദിവാസി മേഖലയിൽ അയിത്തോച്ചാടന നിയമം</u>

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, പട്ടികജാതി വികസന വകുപ്പിൽ അയിത്തോച്ചാടന നിയമം പ്രാബല്യത്തിൽ കൊണ്ടുവരാൻവേണ്ടിയുള്ള ഘടകം രൂപീകരിക്കാനുള്ള പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 115 ലക്ഷം രൂപയിൽ 30-6-2002 വരെ 3,42,543 രൂപ ചെലവാക്കിയിട്ടുണ്ടെന്ന് അറിയിച്ചു.

211 (*626) <u>പുതിയ തെർമൽ പവർസ്റ്റേഷനുകൾ</u>

വിദ്യുച്ഛക്തി വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കാസർകോട് ജില്ലയിലെ മൈലാടിയിൽ 107 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു താപനിലയം സ്ഥാപിക്കുന്നതിനായി ഡി.സി. പവർ ലിമിറ്റഡുമായി പവർ പർച്ചേസ് എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ടെന്ന് അറിയിച്ചു. കൂടാതെ സിയാസിൻ എനർജി ലിമിറ്റഡ് (679 മെഗാവാട്ട്) വൈപ്പിൻ, കണ്ണൂർ പവർ പ്രോജക്ട് ലിമിറ്റഡ് (513 മെഗാവാട്ട്) കണ്ണൂർ, ഫിനോലക്സ് എനർജി കോർപ്പറേഷൻ ലിമിറ്റഡ് (459 മെഗാവാട്ട്) കാസർകോട്, ബി.പി.എൽ. പവർ പ്രോജക്ട് (കേരള) ലിമിറ്റഡ് (500 മെഗാവാട്ട്) കാസർകോട്, പവർ ജനറേറ്റിംഗ് കമ്പനി (330 മെഗാവാട്ട്) പാലക്കാട് എന്നീ സ്വകാര്യ സംരംഭകരുമായി ഇൻഡിക്കേറ്റീവ് പവർ പർച്ചേസ് എഗ്രിമെന്റും ഒപ്പുവച്ചിട്ടുണ്ട്..

212 (*628) <u>ആദിവാസി ഊരുകളിൽ സ്ഥിരമായ ചികിൽസാസൗകര്യം</u>

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ആദിവാസി കോളനികളിൽ ചികിൽസ എത്തിക്കുവാൻ 17 ആയുർവേദ ഡിസ്പെൻസറികൾ, ഒരു

ആയുർവേദ ആശുപത്രി, 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, 5 എ.എൻ.എം. സെന്ററുകൾ എന്നിവ പട്ടിക വർഗ്ഗവികസന വകുപ്പിന്റെ കീഴിൽ നിലവിലുണ്ടെന്ന് അറിയിച്ചു. പട്ടിക വർഗ്ഗ ഉപപദ്ധതിയിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ പട്ടികവർഗ്ഗ മേഖലകളിൽ 69 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, 269 സബ്സെന്ററുകൾ, 11 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എന്നിവയും ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിക്കൽ വകുപ്പിന്റെ കീഴിൽ ആയുർവേദ ഡിസ്പെൻസറികളും ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗക്കാർക്ക് അടിയന്തിര ചികിൽസ ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾ മുഖേനയും വൻതുക വേണ്ടിവരുന്നവർക്ക് മന്ത്രിയുടെ പ്രത്യേക ധനസഹായവും നൽകിവരുന്നു. പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന സിക്കിൾസെൽ അനീമിയ, ക്ഷയം, കുഷ്ഠം എന്നീ രോഗങ്ങൾ ബാധിച്ചവരുടെ ചികിൽസയ്ക്കും പുനരധിവാസത്തിനും പട്ടികവർഗ്ഗവികസന വകുപ്പ് മുഖേന ധനസഹായം അനുവദിച്ചുവരുന്നു.

213 (*633) <u>സമ്പൂർണ്ണ വൈദ്യുതവൽക്കരണം</u>

വിദ്യുച്ഛക്തി വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, വൈദ്യുതി എത്തിച്ചേർന്നിട്ടില്ലാത്ത 50 ഗ്രാമപഞ്ചായത്തു വാർഡുകളുണ്ടെന്ന് അറിയിച്ചു. 2007–ാമാണ്ട് ആകുമ്പോഴേക്കും ഗാർഹിക കണക്ഷനുവേണ്ടിയുള്ള എല്ലാ അപേക്ഷകർക്കും വൈദ്യുതി എത്തിക്കുവാനാണ് ബോർഡ് ലക്ഷ്യമിട്ടിരിക്കുന്നത്.

214 (*636) <u>വിനോദസഞ്ചാരികൾക്ക് കലാസാംസ്ക്കാരിക രംഗങ്ങളെപ്പറ്റി മനസ്സിലാക്കുന്നതിനുള്ള സൗകര്യങ്ങൾ</u>

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, വിദേശ വിനോദസഞ്ചാരികൾക്ക് സംസ്ഥാനത്തെ കലാസാംസ്ക്കാരിക രംഗങ്ങളെപ്പറ്റി മനസ്സിലാക്കുന്നതിന് ടൂറിസം വകുപ്പ് വർഷംതോറും ജലതരംഗം, നിശാഗന്ധി നൃത്ത–സംഗീതോൽസവം, ടൂറിസം വാരാഘോഷം എന്നീ പരിപാടികളും ബ്രോഷറുകൾ, സി.ഡി.റോം, വെബ്സൈറ്റ് എന്നിവയിലൂടെയും സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നുണ്ടെന്ന് അറിയിച്ചു,

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

193 (3921) <u>വാട്ടർ കണക്ഷനുകൾ</u>

വാട്ടർ അതോറിറ്റിയിൽ 856,054 ഗാർഹിക–ഗാർഹികേതര വാട്ടർ കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഒരു മീറ്റർ റീഡർ പ്രതിമാസം മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 800–ഉം പഞ്ചായത്ത് പ്രദേശങ്ങളിൽ 600–ഉം മീറ്റർ റീഡിംഗുകൾ എടുക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്.

194 (3929) <u>നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ജലസേചന പദ്ധതികൾ</u>

സംസ്ഥാനത്ത് പതിനൊന്ന് ജലസേചന പദ്ധതികൾ നിർമ്മാണത്തിലുണ്ട്. അവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | കമ്മിഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നവർഷം | ആവശ്യമായ തുക (രൂപ ലക്ഷത്തിൽ) | കൃഷിയോഗ്യമായ സ്ഥലം |
|---|---|---|---|
| കല്ലട പദ്ധതി | 2003 | 2500 | 61630 ഹെക്ടർ |
| പഴശ്ശി– | കമ്മിഷൻ ചെയ്യാവുന്ന ഘട്ടത്തിലാണ് | 871 | 11525 ,, |
| മൂവാറ്റുപുഴവാലി | 2003 | 22500 | 17737 ,, |
| ഇടമലയാർ– | പത്താം പഞ്ചവത്സരപദ്ധതിയുടെ അവസാനം | 17000 | 14394 ,, |
| കാഞ്ഞിരപ്പുഴ | 2002 | 634 | 9713 ,, |
| കുരിയാർകുറ്റി–കാരപ്പാറ | 2004 | 19700 | 17488 ,, |
| തൃത്താല റഗുലേറ്റർ–കം–ബ്രിഡ്ജ് | 2002 | 2400 | 1303 ,, |
| ബാണാസുരസാഗർ | 2004 | 4300 | 2800 ,, |
| അട്ടപ്പാടി വാലി– | എൻവയോൺമെന്റ് സ്റ്റഡി റിപ്പോർട്ട് കിട്ടിയിട്ടില്ല | 16100 | 4347 ,, |
| ചമ്രവട്ടം റഗുലേറ്റർ–കം–ബ്രിഡ്ജ്– | അതോറിറ്റി രൂപീകരിച്ചിട്ടുണ്ട് | 12000 | 3106 ,, |
| കാരാപ്പുഴ | 2004 | 7200 | 5221 ,, |

195 (3931) വൻകിട ചെറുകിട ജലസേചന പദ്ധതികൾ

ചാലിയാർ നദീതട പദ്ധതി, മീനച്ചിൽ നദീതട പദ്ധതി, പലകപ്പാണ്ടി പദ്ധതി, ആറളം ജലസസേചന പദ്ധതി, വാമനപുരം ജലസേചന പദ്ധതി, പാമ്പാർനദീതട പദ്ധതി, കബനി നദീതട പദ്ധതി, മൂന്നാംകടവ് ജലസേചന പദ്ധതി, അട്ടപ്പാടി ജലസേചന പദ്ധതി, കുരിയാർകുറ്റി–കാരപ്പാറ വിവിധോദ്ദേശ പദ്ധതി എന്നീ വൻകിട–ചെറുകിട ജലസേചന പദ്ധതികൾ സർക്കാർ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു..

196 (3949) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാനുള്ള ശുദ്ധജലവിതരണ പദ്ധതികൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിരുന്ന വാട്ടർ അതോറിറ്റിയുടെ 1050 ചെറുകിട ശുദ്ധജല വിതരണ പദ്ധതികളിൽ 131 പദ്ധതികൾ അതാതു ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

197(3977) ടൂറിസം രംഗത്ത് കേരളത്തിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ച അംഗീകാരം

ടൂറിസം രംഗത്ത് കേരളത്തിന്റെ പ്രവർത്തനങ്ങളുടെ അംഗീകാരമായി, കേന്ദ്ര സർക്കാരിന്റെ ബെസ്റ്റ് പെർഫോമിംഗ് സ്റ്റേറ്റ് അവാർഡ്, മോസ്റ്റ് ഇന്നവേറ്റീവ് ഐ.ടി. അവാർഡ്, ബെസ്റ്റ് ടൂറിസം ഫിലിം അവാർഡ്, പാറ്റ (പി.എ.റ്റി.എ.) ഗ്രാന്റ് ഹെറിറ്റേജ് അവാർഡ്, പട്വ(പി.എ.റ്റി.ഡബ്ള്യൂ.എ)ലെഷർ ടുറിസം ഡെസ്റ്റിനേഷൻ അവാർഡ്, ഔട്ട്ലുക്ക്

ട്രാവലർ (ടായ്) ടി.എ.എ.ഐ.– ബെസ്റ്റ് പെർഫോമിംഗ് ടൂറിസം സ്റ്റേറ്റ് അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

........